# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3794

19.03.2018-ന് മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളുടെ പഠന നിലവാരം ഉയർത്തുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ പഠന നിലവാരം ഉയർത്തുവാനും വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനും മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്ന പ്രവണത ഇല്ലാതാക്കാനുമായി വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) 1. പൊതുവിദ്യാഭ്യസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അക്കാദമിക ഗുണനിലവാരം ഉയർത്തുന്ന തിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി എല്ലാ സ്കൂളുകളും തനതായ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമൂഹത്തിനു മുന്നിൽ അവതരിപ്പിച്ചു. അപ്രകാരം ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി പരിശോധിച്ച് അതിനനുസരിച്ച് അടുത്ത അക്കാദമിക വർഷം മുതൽ അതാത് സ്കൂളുകളിൽ അക്കാദമിക പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.<br>2. സാമൂഹിക പങ്കാളിത്തത്തോടുകൂടി, കിഫ്ബി ധനസഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.<br>3. ഈ വർഷം ഏപ്രിൽ മുതൽ സ്കൂളുകൾക്ക് അവയുടെ മികവുകൾ ഉയർത്തിക്കാണിക്കാൻ മികവ് ഉത്സവങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>4. ആധുനിക സാങ്കേതിക വിദ്യ / ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനം സ്വായത്തമാക്കാനുള്ള നടപടികൾ |

സ്വീകരിച്ചു. അതിന്റെ ഭാഗമായി 'സമഗ്ര' പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

5. ഭാഷാ, ഗണിതം, ശാസ്ത്രം, സാമൂഹികശാസ്ത്രം തുടങ്ങിയവ മെച്ചപ്പെടുത്താനും വിദ്യാർത്ഥികളുടെ കായികക്ഷമത, സർഗ്ഗ വാസനകൾ വികസിപ്പിക്കാനും പദ്ധതികൾ ആരംഭിച്ചു.
6. കൃഷിയെ സംസ്കൃതിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ, ഹരിത പ്രോട്ടോക്കോൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതികൾ എന്നിവയും സർക്കാർ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പരിശീലനവും ആസൂത്രണം ചെയ്തുകഴിഞ്ഞു.

(ബി) പൊതു വിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായി എല്ലാ സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മക്കളെ സർക്കാർ സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനാവശ്യമുള്ള ബോധവത്കരണവും സർക്കാർ ശമ്പളം പറ്റുന്നവരുടെ മക്കൾ സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്നത് ഉറപ്പുവരുത്താനുമായി സമയബന്ധിതമായി എന്ത് നടപടി ഈ സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

(ബി) സമൂഹത്തിലെ എല്ലാ കുട്ടികളെയും പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്ന തരത്തിൽ, സമൂഹ പിന്തുണയോടെയാണ് സർക്കാർ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്.

സെക്ഷൻ ഓഫീസർ